## വിക്ടേഴ്സ് ചാനലിൽ വന്ന മലയാളം ക്ലാസ്സുകളുടെ ഉള്ളടക്കവും തുടർ പ്രവർത്തനങ്ങളും

16 - 12- 2020

അടിസ്ഥാന പാഠാവലി - X

വാക്കുകൾ വിടരുന്ന പുലരികൾ

പത്രനീതി - 01

- ആദ്യ രണ്ട് യൂണിറ്റുകളുടെ പ്രമേയങ്ങൾ ഓർമ്മപ്പെടുത്തി.

■ ജീവിതം പടർത്തുന്ന വേരുകൾ

■മനുഷ്യർ തമ്മിലുള്ള ബന്ധവും കരുതലും

■നിലാവു പെയ്യുന്ന നാട്ടുവഴികൾ

■മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ബന്ധം

മൂന്നാമത്തെ യൂണിറ്റിന്റെ തലവാചകം പരിചയപ്പെടുത്തുകയും വിശദീകരിക്കുകയും ചെയ്തു.

■വാക്കുകൾ വിടരുന്ന പുലരികൾ

■ വാക്കുകൾ കൊണ്ട് പുതിയ പ്രതീക്ഷകൾ നൽകുക.
■വാക്കിന്റെ ശക്തിയിലും ധർമ്മത്തിലും ഊന്നിക്കൊണ്ട് മനുഷ്യർക്കും സമൂഹത്തിനും നൻമ പറയുക.
■വാക്കുകൾ കൊണ്ട് മറ്റുള്ളവർക്ക് വെളിച്ചവും പ്രചോദനവും ആശ്വാസവും നൽകുക.
■വാക്ക് തെറ്റായി പ്രയോഗിക്കാതിരിക്കുക.

അനുബന്ധമായി കുഞ്ഞുണ്ണി മാഷ്, ആചാര്യ ദണ്ഡി, മാർട്ടിൻലൂഥർ എന്നിവരുടെ ഉദ്ധരണികൾ ചൂണ്ടിക്കാട്ടി.

വാക്കിനോളം തൂക്കമില്ലീ
ഊക്കൻ ഭൂമിക്ക് പോലുമേ..

- കുഞ്ഞുണ്ണി മാഷ് -
വാക്ക് കാമധേനുവാണ് .
-ആചാര്യ ദണ്ഡി -
I did nothing; the word did everything.
-മാർട്ടിൻ ലൂഥർ -
■വാക്ക് ഉപയോഗിക്കേണ്ടിടത്ത് ഉചിതമാം വിധം പ്രയോഗിക്കേണ്ടതാണ്. പറയേണ്ടിടത്ത് മിണ്ടാതിരിക്കുക എന്നത് പരാജയമാണ്.
പ്രവേശകമായി നൽകിയ കവിതാ ശകലം ചൊല്ലി കേൾപ്പിക്കുകയും വിശദീകരിക്കുകയും ചെയ്തു.
■നന്മകൾ കേട്ടതു കണ്ടതു
ചൊല്ലാൻ നാക്കിനു കഴിയട്ടെ .
തിന്മകൾ കണ്ടാൽ കൊത്തിക്കീറാൻ
കൊക്കിനു കഴിയട്ടെ .
തത്തമ്മ -അയ്യപ്പപ്പണിക്കർ .
■തത്തമ്മ ഇവിടെ കവിതയുടെ രൂപകം തന്നെയാണ്.എഴുത്തച്ഛന്റെ ശാരികപൈങ്കിളിയുടെ പ്രതിരൂപമാണീ തത്തമ്മ.
താൻ കേട്ടതും കണ്ടതുമായ നന്മകളെ സമൂഹത്തോട് വിളിച്ചുപറയാനും , എന്നാൽ തിന്മകൾ കണ്ടാൽ തന്റെ പാട്ടിലൂടെ അതിനെ പ്രതിരോധിക്കാനുമാണ് കവി കിളിയോട് ആശംസിക്കുന്നത്.
നന്മ പടർത്തലും തിന്മക്കെതിരെ ശക്തമായി പ്രതികരിക്കലുമാണ് കവിതയുടെ ധർമ്മമെന്ന് കവി സൂചന നൽകുന്നു.
■അയ്യപ്പപ്പണിക്കരെ പരിചയപ്പെടുത്തുന്നതിലേക്കായി അദ്ദേഹത്തിന്റെ പൂക്കാതിരിക്കാനെനിക്കാവതില്ലേ എന്ന കവിതയുടെ കുറച്ച് വരികൾ കേൾപ്പിച്ചു.
യൂണിറ്റിലെ പാഠഭാഗങ്ങളെ പരിചയപ്പെടുത്തി.
■പത്രനീതി - സുകുമാർ അഴീക്കോട് - ലേഖനം
■പണയം - ഇ സന്തോഷ് കുമാർ - കഥ
■അമ്മയുടെ എഴുത്തുകൾ കൾ - വി മധുസൂദനൻനായർ - കവിത
സുകുമാർ അഴീക്കോടിനെ പരിചയപ്പെടുത്തി.
പ്രൊഫൈൽ വായന, വിശദീകരണം
മലയാളത്തിലെ പത്ര മേഖലയുടെ ചരിത്രം സംഗ്രഹിച്ച് പറഞ്ഞു.
■മലയാളത്തിലെ ആദ്യ പത്രം - രാജ്യസമാചാരം - 1847
■മറ്റു പ്രധാനപ്പെട്ട ചില ആദ്യകാല പത്രങ്ങൾ - ജ്ഞാനനിക്ഷേപം, വിദ്യാസംഗ്രഹം.
■മലയാളത്തിലെ ആദ്യത്തെ വൃത്താന്ത പത്രം - കേരളമിത്രം - 1881
■മലയാളത്തിലെ ആദ്യത്തെ ദിനപത്രം -നസ്രാണി ദീപിക - 1887

■മലയാളത്തിലെ മുഖ്യധാരാ പത്രങ്ങളെയും വാർത്താ ചാനലുകളെയും ഓർമ്മപ്പെടുത്തി.
പ്രമുഖ പത്രപ്രവർത്തകനും മാതൃഭൂമി ഡെപ്യൂട്ടി എഡിറ്ററുമായിരുന്ന
ശ്രീ. എൻ പി രാജേന്ദ്രൻ , പാഠഭാഗത്തെ കുറിച്ച് സംസാരിക്കുന്നതിന്റെ വീഡിയോ
പ്രദർശിപ്പിച്ചു.
■സുകുമാർ അഴീക്കോടിന്റെ പുസ്തകത്തിൽ ' പത്രങ്ങൾ ഏത് പക്ഷത്തു നിൽക്കുന്നു '
എന്നാണ് ഈ അധ്യായത്തിന് ( പത്രനീതി) പേര് നൽകിയിട്ടുള്ളത്.
■നീതിപൂർവ്വമായിരിക്കണം പത്രപ്രവർത്തനം .
■ഇന്ന് പത്രങ്ങൾ മാത്രമല്ല ദൃശ്യമാധ്യമങ്ങളും സാമൂഹ്യമാധ്യമങ്ങളും കൂടി ഈ
തലവാചകത്തിന്റെ താഴെ വരും.
■പുതിയകാലത്ത് പത്രനീതി എന്നതിനേക്കാൾ മാധ്യമനീതി എന്നതാവും ഉചിതമായ
തലവാചകം.
■പത്രപ്രവർത്തനത്തിൽ പഴയ കാലവും പുതിയ കാലവും തമ്മിൽ ഘടനാപരമായി
വ്യത്യാസങ്ങൾ ഇല്ല .
■പത്രവായന പൊതുവെ കുറഞ്ഞുവരികയും ദൃശ്യമാധ്യമങ്ങളുടെ സ്വാധീനം
വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്.
■ദൃശ്യമാധ്യമങ്ങളിൽ ലൈവ് ആയി വരുന്ന വാർത്തകളെ പത്രങ്ങൾ സമഗ്രമായി
അവതരിപ്പിക്കുന്നു.
■സത്യസന്ധവും നീതിയുക്തവും ധാർമികതയിൽ ഊന്നിയതുമായിരിക്കണം
പത്രപ്രവർത്തനം .
പത്രപ്രവർത്തനവുമായി ബന്ധപ്പെട്ട ഡസ്ക് , ബ്യൂറോ തുടങ്ങിയ പദങ്ങൾ
പരിചയപ്പെടുത്തി കൊടുക്കുകയും വിശദീകരിക്കുകയും ചെയ്തു.
തുടർ പ്രവർത്തനങ്ങൾ
1. മലയാളത്തിലെ ദിനപത്രങ്ങളുടെയും വാർത്താ ചാനലുകളുടെയും പേരുകൾ കണ്ടെത്തി
എഴുതുക.
2.കോവിഡ്-19 സംബന്ധിച്ച വാർത്തകൾ ശേഖരിച്ച് പത്രം തയ്യാറാക്കുക.

നവാസ് മന്നൻ
GHSS ശ്രീകണ്ഠപുരം